# O.S.S.A.E.
# വേദപഠന സർട്ടിഫിക്കേറ്റ് പരീക്ഷ 2016

Class X | Time 3 hrs | Marks 100

31-12-2016, 10 a.m. to 1 p.m.

## Part A

**ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക (1–10)** 10

1. ഒരു വിളംബരത്തിലൂടെ യഹൂദന്മാരെ പ്രവാസത്തിൽനിന്നും യരുശലേമിലേക്കു മടങ്ങുവാൻ അനുവദിച്ച പാഴ്സി രാജാവ്.
(ഗായോസ്, കോരെശ്, ദാര്യാവേശ്, സെല്യൂകസ്)
2. ദൈവസംസർഗ്ഗത്താൽ പൂജാഗിരികളായിത്തീർന്നവയിൽ ഉൾപ്പെടാത്ത സ്ഥലം ഏത്?
(ബഥേൽ, ഗിൽഗാൽ, ബാബേൽ, പെനിയേൽ)
3. 'പുരോഹിതൻ' ഏതു ഭാഷാപദമാണ്?
(മലയാളം, തമിഴ്, സുറിയാനി, സംസ്കൃതം)
4. ഇവയിൽ അകാനോനിക പെരുന്നാൾ ഏത്?
(പ്രതിഷ്ഠാ പെരുന്നാൾ, കൂടാരപ്പെരുന്നാൾ, പെന്തിക്കോസ്തി പെരുന്നാൾ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ)
5. പഴയനിയമത്തിലെ 'തോറ' വിഭാഗത്തിൽപ്പെടുന്ന ഗ്രന്ഥം ഏത്?
(ആവർത്തനം, യോശുവ, ദിനവൃത്താന്തം, യെശയ്യാവ്)
6. മുളന്തുരുത്തി സുന്നഹദോസ് നടന്ന വർഷം.
(1815, 1808, 1836, 1876)
7. 'മജ്ജയും മാംസവുമുള്ള ഇതുപോലെ ഒരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നു എന്നു വരും തലമുറ വിശ്വസിക്കുകയില്ല.' ആൽബർട്ട് ഐൻസ്റ്റിൻ ആരെപ്പറ്റിയാണ് ഇങ്ങനെ പറഞ്ഞത്?
(മാർട്ടിൻ ലൂഥർ, ഏബ്രഹാം ലിങ്കൺ, മഹാത്മാഗാന്ധി, ഫാ. ഡാമിയൻ)
8. വി. പൗലോസിന്റെ ഇടയലേഖനങ്ങളിൽപ്പെടുന്ന ലേഖനം ഏത്?
(കൊലോസ്യർ, ഗലാത്യർ, തീത്തോസ്, എഫേസ്യർ)
9. യരുശലേമിലെ രണ്ടാം ദേവാലയം പണിതീർത്ത കാലത്തെ രാജാവാരായിരുന്നു?
(ദാര്യാവേശ്, ഓനിയാസ്, ജോസിഫസ്, അന്ത്യോക്കസ്)
10. 'ആത്മാക്കളെ രക്ഷിച്ചൊരു നിൻ സ്ലീബായെ നമിച്ചെങ്ങൾ' – ഈ വരികൾ ഏതു ദിവസത്തെ ആരാധനാഗീതഭാഗമാണ്?
(ഹോശാനാ ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി, ദുഃഖശനി)

**പേരെഴുതുക (11–15)** 5

11. വട്ടശ്ശേരി തിരുമേനിയെക്കുറിച്ചെഴുതിയിട്ടുള്ള 'സത്യം വിജയിക്കുന്നു' (Truth Triumps) എന്ന ഗ്രന്ഥത്തിന്റെ ഗ്രന്ഥകർത്താവാര്?
12. 1956–ൽ ചേപ്പാട് മാർ ദിവന്നാസിയോസ് തിരുമേനിയുടെ 100–ാം ശ്രാദ്ധപ്പെരുന്നാളിൽ സംബന്ധിച്ച വിദേശ ഭരണാധികാരി ആര്?

13. മഹാനായ അലക്സാണ്ടറിന്റെ കാലംമുതലുള്ള കാലഘട്ടം ഏതു പേരിലാണ് അറിയപ്പെടുന്നത്?
14. ദൈവം ജനമദ്ധ്യേ കൂടാരമടിക്കുന്നു എന്നു സൂചിപ്പിക്കുന്ന എബ്രായപദം ഏത്?
15. ബാല്യത്തിൽ കൊച്ചയ്പോര എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന വ്യക്തി ഇന്ന് ഏതു പേരിലാണ് അറിയപ്പെടുന്നത്?

**പൂരിപ്പിക്കുക (16–20)** 5

16. യരുശലേമിലെ ..................................... ഞങ്ങൾക്കുവേണ്ടി ക്രൂശിതനായ മശിഹാ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു.
17. പെന്തിക്കോസ്തി പെരുന്നാളിന് ദൈവസന്നിധിയിൽ .................................. ആരും ചെല്ലരുത് എന്ന നിർദ്ദേശം പ്രത്യേകം കാണാം.
18. ഇതിനായിട്ടല്ലോ മരിച്ചവരോടും ...................................... അറിയിച്ചത്.
19. അതിക്രൂരമായ പീഡനത്തിന്റെ കാലത്ത് യഹൂദസഭയിൽ രൂപംകൊണ്ട് വളർച്ച പ്രാപിച്ച ഒരു സാഹിത്യശാഖയാണ് '..............................' .
20. അന്ത്യ ന്യായവിധി, നിത്യജീവൻ എന്നിവയെല്ലാം .................................. ബന്ധപ്പെട്ടവയാണ്.

**ചേരുംപടി ചേർക്കുക (21–25)** 5

| | A | | B |
|---|---|---|---|
| 21. | എത്യോപ്യ | – | മാവേലിക്കര പടിയോല |
| 22. | പരുമല തിരുമേനി | – | കരപൂരണം |
| 23. | ബിഷപ്പ് വിൽസൺ | – | പ്രവാസം |
| 24. | സുന്നഗോഗ് | – | ചാത്തുരുത്തി |
| 25. | പുരോഹിതൻ | – | അംഹാരിക് |

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക (26–30)** 5

26. 72 വേദപണ്ഡിതന്മാർ ചേർന്ന് എബ്രായ വേദപുസ്തകം യവനഭാഷയിലേക്കു നടത്തിയ വിവർത്തനത്തിന്റെ പേരെന്ത്?
27. ഓർത്തഡോക്സ് സഭ സംഘടിത സുവിശേഷവത്കരണ പ്രക്രിയകൾ ആരംഭിച്ചത് എന്നുമുതൽ?
28. നമ്മുടെ സഭ പ്രാർത്ഥനകളും കൂദാശാനുഷ്ഠാനങ്ങളും ആരംഭിക്കുമ്പോൾ സ്തുതി അർപ്പിക്കുന്നത് ആർക്ക്?
29. വർഷഗണനയിൽ എ.ഡി. എന്നുള്ളതിന്റെ പൂർണ്ണരൂപം എന്ത്?
30. വി. പൗലോസ് തന്റെ ലേഖനങ്ങൾ എഴുതിയിരുന്നത് ഏതു ഭാഷയിലാണ്?

**ശരിയോ തെറ്റോ എന്നെഴുതുക (31–35)** 5

31. എബ്രായ പാരമ്പര്യത്തിൽ പ്രധാന പുരോഹിതൻ യഹോവയയ്ക്കു വിശുദ്ധം എന്ന് എഴുതിയ പട്ടം നെറ്റിയിൽ കെട്ടണം.
32. ശമുവേൽ പുരോഹിതഗോത്രമായ ലേവിഗോത്രക്കാരൻ ആയിരുന്നു.
33. 'പുരോഹിത രാജത്വം' എന്ന വിശേഷണത്തിന്റെ അർത്ഥം യിസ്രയേൽ രാജ്യത്തിലെ ഓരോ പൗരനും 'പുരോഹിതദൗത്യം' നിറവേറ്റണമെന്നാണ്.
34. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ 32 വർഷം മലങ്കര മെത്രാപ്പോലിത്തയായും കാതോലിക്കായായും സഭയെ നയിച്ചു.
35. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളിൽ ഒന്നാം ദിവസവും 7-ാം ദിവസവും സഭായോഗം കൂടണം.

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (36–40)** 10

36. നമുക്ക് സുവിശേഷങ്ങളിലൂടെ പകർന്നുതരുന്ന അറിവ് എന്താണ്?
37. ആധുനിക കൗൺസലിങ്ങിനു സ്വീകരിക്കുന്ന അടിസ്ഥാന രീതികൾ ഏത്?
38. അബ്രഹാമിന്റെ ഏതു സ്വഭാവമാണ് അബ്രഹാമിനെ വലിയവനാക്കിയത്?
39. യഹൂദാചരിത്രത്തിൽ പ്രതിഷ്ഠാപെരുന്നാൾ എന്നറിയപ്പെടുന്ന പെരുന്നാൾ ഏത്?
40. 'സുന്നഗോഗ് ആരാധന' എന്താണ്?

**വാക്കുകളുടെ അർത്ഥം എഴുതുക (41–45)** 5

41. കാതോലിക്കോസ്
42. കസോലിക്കി
43. മാനീസ
44. ബോവൂസോ
45. പ്രൊമിയോൻ

**ആശയത്തിലുള്ള വ്യത്യാസം എഴുതുക (46–50)** 10

46. കൃതജ്ഞത - കൃതഘ്നത
47. ദൈവേച്ഛ - യദൃച്ഛ
48. പക്ഷാഘാതം - പക്ഷഭേദം
49. സദ്‌വൃത്തി - ദുർവൃത്തി
50. സംഘർഷം - സംഘടന

**പത്തു വാക്യങ്ങളിൽ കവിയാതെ ഉത്തരമെഴുതുക** 5

51. വെളിപാടു സാഹിത്യത്തിന്റെ പ്രത്യേകത എന്ത്? പ്രവചനകൃതികളും വെളിപപാടുകൃതികളും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?

## Part B (ഉപപാഠഭാഗം)

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക (52–56)** 10

52. ഗീവർഗീസ് ശെമ്മാശൻ സ്വയം ദൈവവേലയ്ക്കായി പ്രതിഷ്ഠിക്കുവാനുണ്ടായ സാഹചര്യമെന്ത്?
53. ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിക്ക് 'മലങ്കര സഭാഭാസുരൻ' എന്ന ബഹുമതി അർത്ഥവത്താണ്. എന്തുകൊണ്ട്?
54. വെട്ടിക്കൽ കുരിശുപള്ളി ഒരു തീർത്ഥാടനകേന്ദ്രമായി തീർന്നതെങ്ങനെ?
55. 'മലങ്കരസഭയിലെ അന്തോനിയോസ്' എന്നറിയപ്പെടുന്നതാരെ? എന്തുകൊണ്ട്?
56. അബ്ദൽ മശിഹാ പാത്രിയർക്കീസിനു മലങ്കര സഭാചരിത്രത്തിൽ എന്തു പ്രാധാന്യമാണുള്ളത്?

**ഒരു പേജിൽ ഉത്തരമെഴുതുക (57–58)** 10

57. അഭി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് 'പരുമല കൊച്ചുതിരുമേനി'യായത് എങ്ങനെ? നാളയെപ്പറ്റി ചിന്താഭാരമില്ലാത്ത വ്യക്തിത്വമാണ് തിരുമേനിയുടേത് എന്നതിന് ഒരു ഉദാഹരണമെഴുതുക?
58. പരി. വട്ടശ്ശേരിൽ തിരുമേനിയുടെ ശ്രമഫലമായി മലങ്കര സഭയിൽ പരമാധികാരത്തോടുകൂടിയ കാതോലിക്കേറ്റ് സ്ഥാപിതമായി. അതുകൊണ്ട് സഭയ്ക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാം?

## Part C (പൊതുവായ ചോദ്യങ്ങൾ)

59. ദുഃഖശനിയാഴ്ച ഏതു പേരുകളിൽ അറിയപ്പെടുന്നു? അന്നേ ദിവസം വി. കുർബാന അർപ്പിക്കാറുണ്ടോ? അർപ്പിക്കുന്നുവെങ്കിൽ അതിലുള്ള പ്രത്യേകതകൾ എന്തെല്ലാം? 5

**ഗീതം പൂർണമായി എഴുതിയിട്ട് ചുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5

60. 'യാചിക്കുന്നു - ഞങ്ങളൊടൊപ്പം

..................................................................

............................ അരിശത്തിൻ ദണ്ഡം.'

a. ഈ ഗീതം ആരാധനാക്രമത്തിലെ ഏതു ഭാഗത്തിൽ ഉൾപ്പെടുന്നു?

b. ഇത് ആരോടുള്ള മദ്ധ്യസ്ഥതയാണ്?

**വേദഭാഗം വായിച്ച് ചുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5

ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കീസെദേക് രാജാക്കന്മാരെ ജയിച്ചു മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റ് അനുഗ്രഹിച്ചു. അബ്രഹാം അവനു സകലത്തിലും പത്തിലൊന്നു കൊടുത്തു. അവന്റെ പേരിന് ഒന്നാമത്, നീതിയുടെ രാജാവെന്നും പിന്നെ ശാലേം രാജാവ് എന്നുവച്ചാൽ 'സമാധാനത്തിന്റെ രാജാവ്' എന്നും അർത്ഥം. അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല; അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും മഹാപുരോഹിതനായിരിക്കുന്നു. ഇവൻ എത്ര മഹാനെന്നു നോക്കുവിൻ; ഗോത്രപിതാവായ അബ്രഹാംകൂടിയും അവനു കൊള്ളയുടെ വിശേഷസാധനങ്ങളിൽ പത്തിലൊന്നു കൊടുത്തുവല്ലോ. ലേവി പുത്രന്മാരിൽ പൗരോഹിത്യം ലഭിക്കുന്നവർക്ക് ന്യായപ്രമാണപ്രകാരം ജനത്തോടു ദശാംശം വാങ്ങുവാൻ കല്പനയുണ്ട്; അത് അബ്രഹാമിന്റെ കടിപ്രദേശത്തുനിന്ന് ഉത്ഭവിച്ച സഹോദരന്മാരോടാകുന്നു വാങ്ങുന്നത്.

61. ഈ വേദഭാഗം ഏതു പുസ്തകത്തിൽനിന്നും എടുത്തിട്ടുള്ളതാണ്?
62. മൽക്കീസെദേക്കിനെക്കുറിച്ച് വി. വേദപുസ്തകത്തിൽ വേറെ എവിടെ കാണുന്നു?
63. വംശാവലിയില്ലാത്ത ഈ പൗരോഹിത്യത്തെ ഈ എഴുത്തുകാരൻ എന്തിനോടാണ് ബന്ധിപ്പിച്ചിരിക്കുന്നത്?
64. ദശാംശം വാങ്ങുവാനുള്ള കല്പന ലഭിച്ചിരുന്നവരാരാണ്?
65. മൽക്കിസെദേക്ക് എന്ന പേരിന്റെ അർത്ഥമെന്താണ്?